പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം.93

04.02.2019-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളികളുടെ സുരക്ഷ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ. ദാസൻ<br>,, എസ്.ശർമ്മ<br>,, കെ. ആൻസലൻ<br>,, കെ.വി.അബ്ദുൾ ഖാദർ | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി) |
| (എ) | കേരള തീരത്ത് മത്സ്യബന്ധനം വ്യാപകമായി നടത്തുന്ന മേഖലയിലാണ് കേന്ദ്ര സർക്കാർ നിർണ്ണയിച്ചിട്ടുള്ള കപ്പൽ പാതയെന്നതിനാൽ, വർദ്ധിച്ചുവരുന്ന അപകടങ്ങൾ കണക്കിലെടുത്ത് മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണം അറിയിക്കാമോ; | (എ) & (ബി) | ഗുജറാത്ത് മുതൽ കന്യാകുമാരി വരെയുള്ള പുതിയ കപ്പൽപാത രൂപീകരണവുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളികളുടെ ആശങ്കകൾ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാൽ ടി കപ്പൽ പാത സജീവ മത്സ്യബന്ധന പ്രദേശത്തിനപ്പുറം സ്ഥാപിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കേരള തീരത്ത് നിന്നും 15 നോട്ടിക്കൽ മൈൽ പ്രദേശത്ത് ടി കപ്പൽ പാത നിലനിൽക്കുന്നതിനാൽ ഇത് മത്സ്യബന്ധന ബോട്ടുകളും കപ്പലുകളും തമ്മിൽ കൂട്ടിയിടിക്കുന്നതിന് ഹേതുവാകും. ആയതിനാൽ മത്സ്യത്തൊഴിലാളികൾ മീൻ പിടിക്കുന്ന കടൽ പ്രദേശത്ത് നിന്ന് കപ്പൽ പാത ദൂരേയ്ക്ക് മാറ്റുന്നതിന് കേന്ദ്ര സർക്കാരിനോട് നിരന്തരം ആവശ്യപ്പെട്ടു വരികയാണ്. ഏറ്റവും അവസാനമായി 2018 നവംബർ 10, 11 തീയതികളിൽ കേരളം വിളിച്ചു ചേർത്ത ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ ഫിഷറീസ് വകുപ്പ് മന്ത്രിമാരും ഉദ്യോഗസ്ഥരും പങ്കെടുത്ത മീറ്റിംഗിലും ടി വിഷയം ഉന്നയിച്ചിരുന്നു. ടി മീറ്റിംഗിനു ശേഷം കേന്ദ്ര ഷിപ്പിംഗ് വകുപ്പ് മന്ത്രിയ്ക്കും ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗിനും വീണ്ടും ടി ആവശ്യം ഉന്നയിച്ചുകൊണ്ട് കത്ത് നൽകിയിരുന്നു. കൂടാതെ കപ്പലുമായി കൂട്ടിയിടിക്കുന്നത് ഒഴിവാക്കുന്നതിന് 12 നോട്ടിക്കൽ മൈലിന് പുറത്ത് മത്സ്യബന്ധനം നടത്തുന്ന മത്സ്യബന്ധന യാനങ്ങളിൽ വെസ്സൽ ട്രാക്കിംഗ് സിസ്റ്റം/ എ.ഐ.എസ് നിർബന്ധമാക്കി കൊണ്ട് കെ.എം.എഫ്.ആർ റൂൾ പുറപ്പെടുവിച്ചിട്ടുണ്ട്. റൂൾ നിലവിൽ വന്ന തീയതിയായ 1/9/2018 മുതൽ ഒരു വർഷത്തിനകമാണ് ടി സംവിധാനം ഘടിപ്പിക്കേണ്ടത്. |
| (ബി) | കപ്പൽപാത സുരക്ഷിത ദൂരത്തേയ്ക്ക് മാറ്റണമെന്ന സംസ്ഥാനത്തിന്റെ ആവശ്യത്തോടുള്ള കേന്ദ്രസർക്കാരിന്റെ പ്രതികരണം വെളിപ്പെടുത്താമോ; | | |

| | | | |
|---|---|---|---|
| | | | കപ്പൽ പാത മാറ്റുന്ന വിഷയത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും അനുകൂലമായ പ്രതികരണം പ്രതീക്ഷിക്കുന്നുണ്ട്. |
| (സി) | കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികളുടെ വിവരശേഖരണത്തിനും യാനങ്ങളുടെ സഞ്ചാരപഥം മനസ്സിലാക്കുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (സി) | കടലിൽ മത്സ്യബന്ധനത്തിന് പോകുന്ന സമയത്തും തിരിച്ച് കരയിലെത്തുന്ന സമയത്തും മത്സ്യത്തൊഴിലാളികളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള സംവിധാനമായ 'സാഗര' എന്ന മൊബൈൽ ആപ്പ് എൻ.ഐ.സി യുടെ സഹായത്തോടെ വികസിപ്പിച്ചെടുത്ത് പരീക്ഷിച്ച് വിജയിച്ചിട്ടുണ്ട്. ഇത് മത്സ്യത്തൊഴിലാളികളുടെ മൊബൈലിലേയ്ക്ക് ഡൗൺലോഡ് ചെയ്ത് നൽകുന്ന നടപടി പുരോഗമിച്ച് വരികയാണ്. ടി സംവിധാനം ഉപയോഗിക്കുന്നതിനുള്ള പരിശീലനവും മത്സ്യത്തൊഴിലാളികൾക്ക് നൽകി വരുന്നു. കൂടാതെ കടലിൽ പോകുന്ന യാനങ്ങളുടെ സഞ്ചാരപഥം കരയിലിരുന്ന് മനസ്സിലാക്കുന്നതിനായി 'ഓട്ടോമാറ്റിക് വെസൽ ട്രാക്കിംഗ് സംവിധാനം' നടപ്പിലാക്കുന്നു ണ്ട്. ആദ്യഘട്ടത്തിൽ 3 ജില്ലകളിൽ 300 യാനങ്ങളിൽ ടി സിസ്റ്റം ഫിറ്റ് ചെയ്യുന്നതിനാണ് അനുമതി നൽകിയിട്ടുളളത്. ആയത് പ്രകാരം ഏതാ ണ്ട് 288 ഓളം യാനങ്ങളിൽ വെസൽ ട്രാക്കിംഗ് സിസ്റ്റം ഫിറ്റ് ചെയ്തിട്ടുണ്ട്. വരും വർഷങ്ങളിൽ എല്ലാ മത്സ്യബന്ധന യാനങ്ങളിലും ടി സംവിധാനം നിർബന്ധമാക്കുന്നതിന് തീരുമാനമായിട്ടുണ്ട്. |
| (ഡി) | പ്രകൃതി ദുരന്തങ്ങളും അപകടങ്ങളും ആവർത്തിക്കുന്ന സാഹചര്യത്തിൽ മറൈൻ ആംബുലൻസ് സംവിധാനവും കടൽ പട്രോളിംഗും ശക്തിപ്പെടുത്തുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ഡി) | കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് അടിയന്തര വൈദ്യസഹായം എത്തിക്കുന്നതിനും രക്ഷാപ്രവർത്തനത്തിന്റെ കുറവ് മൂലം ഒരു ജീവനും നഷ്ടപ്പെടരുത് എന്ന ലക്ഷ്യത്തോടെയാണ് മറൈൻ ആംബുലൻസ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. 3 മറൈൻ ആംബുലൻസ് നിർമ്മിച്ച് നൽകുന്നതിന് കൊച്ചിൻ ഷിപ്പ് യാർഡുമായി കരാറാവുകയും അവർ നിർമ്മാണ പ്രവർത്തനം തുടങ്ങുകയും ചെയ്തു. ഇതിനായി ആകെ ചെലവ് 18.24 കോടി രൂപയാണ്. 2020 മാർച്ചിനകം മറൈൻ ആംബുലൻസുകൾ ലഭ്യമാക്കുന്നതുമാണ്.<br><br>കടൽ പട്രോളിംഗ് ശക്തിപ്പെടുത്തുന്നതിനായി വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 9 മറൈൻ ജില്ലകളിലായി 9 റസ്ക്യൂ ബോട്ടുകൾ പ്രവർത്തിക്കുന്നുണ്ട്. കെ.എം.എഫ്.ആർ ആക്ടിലും റൂളിലും ആവശ്യമായ ഭേദഗതികൾ വരുത്തി |

| | | | |
|---|---|---|---|
| | | | കടൽ പട്രോളിംഗ് കൂടുതൽ കാര്യക്ഷമമാക്കിയിട്ടുണ്ട്. അടിയന്തര ഘട്ടങ്ങളിൽ മറൈൻ എൻഫോഴ്സ്മെന്റിന്റെയും, കോസ്റ്റൽ പോലീസിന്റെയും, കോസ്റ്റ് ഗാർഡിന്റെയും, നേവിയുടെയും സഹായങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഇ) | പ്രകൃതി ക്ഷോഭത്തിലോ അപകടത്തിലോ നാശനഷ്ടം സംഭവിക്കുന്ന മത്സ്യബന്ധനോപകരണങ്ങൾക്ക് നഷ്ടപരിഹാരം നൽകാൻ പദ്ധതിയുണ്ടോ എന്നറിയിക്കാമോ? | (ഇ) | പ്രകൃതി ക്ഷോഭത്തിലോ അപകടത്തിലോ നാശനഷ്ടം സംഭവിക്കുന്ന മത്സ്യബന്ധന ഉപകരണങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് നിലവിൽ പദ്ധതികളില്ല.<br><br>മത്സ്യബന്ധനയാനങ്ങൾക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പദ്ധതിയ്ക്കായി 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന തലത്തിൽ താല്പര്യമുള്ള കമ്പനികളിൽ നിന്നും ഇ-ടെണ്ടർ ക്ഷണിക്കുകയും ഇതിൽ യുണൈറ്റഡ് ഇന്ത്യാ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് ക്വാട്ട് ചെയ്ത പൂർണ്ണമായ നഷ്ടം കവർ ചെയ്യുന്നതിന് നിശ്ചിത വിലയുടെ 1% + ടാക്സും, പൂർണ്ണവും ഭാഗികവുമായ നഷ്ടം കവർ ചെയ്യുന്നതിന് ഒരുമിച്ച് നിശ്ചിത വിലയുടെ 1.5% + ടാക്സും എന്ന പ്രൊപ്പോസൽ അംഗീകരിച്ച് ടി പദ്ധതിയ്ക്കായി ഇതിനകം ഭരണാനുമതി നൽകിയിട്ടുള്ള ഒരു കോടി രൂപ ചെലവഴിക്കുന്നതിന്, 15 M OAL വരെയുള്ള യാന ഉടമകൾക്ക് മുൻഗണന നൽകണമെന്ന വ്യവസ്ഥയിൽ, മത്സ്യബന്ധന യാനങ്ങൾക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ പദ്ധതി നടപ്പിലാക്കുന്നതിന് യുണൈറ്റഡ് ഇന്ത്യാ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് ക്വാട്ട് ചെയ്തിരിക്കുന്ന തുക അംഗീകരിച്ചു കൊണ്ട് അനുമതിയും നൽകിയിട്ടുണ്ട്. അതനുസരിച്ചുള്ള ഗുണഭോക്തൃ തെരഞ്ഞെടുപ്പ് ജില്ലകളിൽ നടന്നു വരുന്നു. കൂടാതെ, മത്സ്യത്തൊഴിലാളി കടാശ്വാസ നിയമം ഭേദഗതി ചെയ്ത് പ്രകൃതിക്ഷോഭത്തിൽ മത്സ്യബന്ധനോപകരണങ്ങൾ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ കടത്തിന് കടാശ്വാസം അനുവദിക്കാനും അവർക്ക് പുനർ വായ്പ അനുവദിക്കുവാൻ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾക്ക് നിർദ്ദേശം നല്കാനും മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷനെ അധികാരപ്പെടുത്തിയിട്ടുമുണ്ട്. |

Sheeba

**സെക്ഷൻ ഓഫീസർ**